പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 230

# 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

published on 28/10/19

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 230

# 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

# 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ, പ്രവാസി കേരളീയരുടെ ക്ഷേമ ആക്ട് (2009-ലെ 10) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2018 ഒക്ടോബർ 22-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ (2009-ലെ 10) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (ജി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജിഎ) "ഡിവിഡന്റ്" എന്നാൽ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി പ്രകാരം നിക്ഷേപിക്കപ്പെടുന്ന തുകയ്ക്ക് നിക്ഷേപം സ്വീകരിക്കുന്ന ഏജൻസി നിക്ഷേപകന് നൽകുന്ന ലാഭവിഹിതം എന്നർത്ഥമാകുന്നു;";

(ii) (എം) ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എംഎ) "പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി" എന്നാൽ ആക്ടിലെ 8 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി എന്നർത്ഥമാകുന്നു;".

3. 8 എ. എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പിനു ശേഷം താഴെപറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"8 എ. പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി.—പ്രവാസി കേരളീയരിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും ആയത് സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരം വിനിയോഗിച്ചതിന്റെ ഫലമായി കിട്ടുന്ന തുകയും സർക്കാർ വിഹിതവും ചേർത്തുകൊണ്ട് നിക്ഷേപകന് പ്രതിമാസ ഡിവിഡന്റ് നൽകുന്ന പദ്ധതി സർക്കാരിന് രൂപീകരിക്കാവുന്നതാണ്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന പദ്ധതിയുടെ നടത്തിപ്പിന് വേണ്ടിയും പ്രവാസി കേരളീയരുടെ മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്ക വേണ്ടിയും 14-ാം വകുപ്പ് പ്രകാരമുള്ള സ്ഥാപനങ്ങൾ ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ രൂപീകരിക്കാവുന്നതാണ്.".

4. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ "സഹകരണ സംഘങ്ങളുടെയും," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റിൻ (1955-ലെ XII-ാം ആക്റ്റ്) കീഴിലുള്ള സംഘങ്ങളുടെയും," എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 25) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

പ്രവാസികളായ കേരളീയർക്ക് നിശ്ചിത വരുമാനം ലഭിക്കുന്ന രീതിയിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വിഭാവനം ചെയ്തിരിക്കുന്ന നിക്ഷേപ പദ്ധതിയാണ് 'പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി'. പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിലൂടെ സ്വരൂപിക്കുന്ന തുക വികസന ആവശ്യത്തിലേക്കായി കിഫ്ബിക്കും സർക്കാർ നിശ്ചയിക്കുന്ന മറ്റ് സ്ഥാപനങ്ങൾക്കും കൈമാറാൻ ഉദ്ദേശിക്കുകയും

ആയതിലേയ്ക്കായി ഒരു പദ്ധതിക്ക് 22-10-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം നൽകുകയും അതോടൊപ്പം ഇതിലേക്കായി 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൽ ഭേദഗതി വരുത്തുവാനും തീരുമാനിക്കുകയുണ്ടായി.

2. പ്രളയം മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി അതിജീവിക്കുന്നതിനും നവകേരള നിർമ്മാണത്തിനുമായി വളരെയധികം തുക സംസ്ഥാന സർക്കാരിന് ആവശ്യമായി വരുന്നുണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാനും പ്രവാസികളുടെ ജീവിത സുരക്ഷയും പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിലൂടെ സാധിക്കും.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് 2019 ജനുവരി 8-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 ജനുവരി 8-ാം തീയതിയിലെ 47-ാം നമ്പർ അസാധാരണ ഗസറ്റിൽ 2019-ലെ 8-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ഒരു ബിൽ 2019 ജനുവരി 25-ാം തീയതി ആരംഭിച്ച് 2019 ഫെബ്രുവരി 12-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞിരുന്നില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് 2019 മാർച്ച് 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 മാർച്ച് 1-ാം തീയതിയിലെ 546-ാം നമ്പർ അസാധാരണ ഗസറ്റിൽ 2019-ലെ 15-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ഒരു ബിൽ 2019 മേയ് 27-ാം തീയതി ആരംഭിച്ച് 2019 ജൂലൈ 4-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞിരുന്നില്ല.

7. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് 2019 ജൂലൈ 6-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 ജൂലൈ 6-ാം തീയതിയിലെ 1502-ാം നമ്പർ അസാധാരണ ഗസറ്റിൽ 2019-ലെ 25-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 25)-ന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി പ്രകാരം ഓരോ അംഗവും നിക്ഷേപിച്ച തുകയ്ക്ക് ആദ്യത്തെ 3 വർഷങ്ങൾ കൊണ്ട് അതിനോട് കൂടി ചേരുന്നതുമായ ഡിവിഡന്റ് ഉൾപ്പെടെയുള്ള തുകയുടെ 10% വാർഷിക നിരക്കിലുള്ള ഡിവിഡന്റ്, നിക്ഷേപം 3 വർഷം പൂർത്തിയാകുന്ന തീയതി മുതൽ അംഗത്തിന്റെ ജീവിതകാലം മുഴുവൻ പ്രതിമാസം നൽകേണ്ടതാണ് എന്ന് പ്രതിപാദിക്കുന്നുണ്ട്. ഈ ഡിവിഡന്റ്, നിക്ഷേപം സ്വീകരിക്കുന്ന കിഫ്ബി/മറ്റ് സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങൾ എന്നിവയ്ക്ക് നൽകാൻ കഴിഞ്ഞു എന്ന് വരില്ല. ഈ സാമ്പത്തികവർഷം സർക്കാർ ഏജൻസിയായ കിഫ്ബി 9% ഡിവിഡന്റാണ് എഗ്രിമെന്റ് പ്രകാരം ഉറപ്പുനൽകിയിട്ടുള്ളത്. സർക്കാർ 1% നൽകേണ്ടി വരും. ഭാവിയിൽ ഡിവിഡന്റ് നിരക്കിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാനിടയുണ്ട്. ഇപ്രകാരം ഡിവിഡന്റ് നിരക്കിൽ വ്യത്യാസം വരുമ്പോഴും സർക്കാർ വിഹിതം ഒരു ശതമാനത്തിൽ തന്നെ പരിമിതപ്പെടുത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സർക്കാർ ബാധ്യത നിക്ഷേപത്തുകയെയും അതാതുകാലത്ത് നിലനിൽക്കുന്ന ഡിവിഡന്റ് നിരക്കിനെയും ആശ്രയിച്ചാണിരിക്കുന്നത്, എന്നതിനാൽ സർക്കാർ വിഹിതത്തിന്റെ യഥാർത്ഥ കണക്ക് ഇപ്പോൾ നിശ്ചയിക്കുക പ്രയാസമാണ്. മാത്രവുമല്ല, നിക്ഷേപം സ്വീകരിച്ച് 3 വർഷത്തിന് ശേഷം മാത്രമേ ഡിവിഡന്റ് തുക നിക്ഷേപകർക്ക് നൽകി തുടങ്ങുകയുള്ളൂ. ഈ സാഹചര്യത്തിൽ, സംസ്ഥാന സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും ഇതിലേക്കായി ആവർത്തക ചെലവിനത്തിൽ എത്ര തുക ചെലവ് വരും എന്ന കാര്യം ഇപ്പോൾ കണക്കാക്കുക പ്രയാസമാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 8 എ വകുപ്പ് പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റഗുലേഷനുകളോ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടു കൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പിണറായി വിജയൻ.

## 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൽ (2009-ലെ 10) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(ജി) "ആശ്രിതൻ" എന്നാൽ നിധിയിലെ ഒരംഗത്തിന്റെ കുടുംബാംഗവും, കുടുംബത്തിന്റെ അഭാവത്തിൽ, അംഗത്തിന്റെ പ്രായപൂർത്തിയായ സഹോദരൻമാരും വിധവകളായ സഹോദരിമാരും എന്നർത്ഥമാകുന്നു;

** ** ** **

(എം) "പ്രവാസി കേരളീയൻ" എന്നാൽ,—

(i) സാധുതയുള്ള ഒരു ഇന്ത്യൻ പാസ്പോർട്ട് കൈവശമുള്ളതും വിദേശരാജ്യത്തിന്റെ വിസയിൽ വിദേശത്ത് ജോലി ചെയ്യുന്നതോ ഉപജീവനാർത്ഥം താമസിക്കുന്നതോ ആയ ഒരു കേരളീയൻ അഥവാ സാധുതയുണ്ടായിരുന്ന ഒരു ഇന്ത്യൻ പാസ്പോർട്ട് കൈവശമുള്ളതും വിദേശരാജ്യത്തിന്റെ വിസയിൽ വിദേശത്ത് കുറഞ്ഞത് രണ്ടു വർഷക്കാലമെങ്കിലും ജോലി ചെയ്തിരുന്നതോ ഉപജീവനാർത്ഥം താമസിച്ചിരുന്നതോ ആയ ഒരു കേരളീയൻ [ഇതിനുശേഷം പ്രവാസി കേരളീയൻ (വിദേശം) എന്നാണ് പരാമർശിക്കപ്പെടുക] അല്ലെങ്കിൽ

(ii) ഇന്ത്യയിൽ ജോലി ചെയ്യുന്നതും അല്ലെങ്കിൽ താമസിക്കുന്നതുമായ കേരള സംസ്ഥാനത്തിന് പുറത്തുള്ള ഒരു കേരളീയൻ [ഇതിനുശേഷം പ്രവാസി കേരളീയൻ (ഭാരതം) എന്നാണ് പരാമർശിക്കപ്പെടുക] എന്നർത്ഥമാകുന്നതും എന്നാൽ കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റെയോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ അല്ലെങ്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയോ, സ്വയംഭരണ സ്ഥാപനങ്ങളുടെയോ, പൊതുമേഖലാ സ്ഥാപനങ്ങളിലെയോ ജീവനക്കാർ ഉൾപ്പെടാത്തതും ആകുന്നു.

വിശദീകരണം.—ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി ഒരാൾ പ്രവാസി കേരളീയനാണോ അല്ലയോ എന്ന പ്രശ്നം ഉദിക്കുന്ന സംഗതിയിൽ, ആ പ്രശ്നം ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്കോ അല്ലെങ്കിൽ ഈ ആവശ്യത്തിലേക്ക് സർക്കാർ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ റഫർ ചെയ്യേണ്ടതും അതിൻമേലുള്ള അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

** ** ** **

** ** ** **

8. <u>പ്രവാസി കേരളീയർ (വിദേശം)-ക്ക് വേണ്ടിയുള്ള പ്രത്യേക സഹായനിധി</u>.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ അറുപത് വയസ് പൂർത്തിയായിട്ടുള്ള പ്രവാസി കേരളീയർ (വിദേശം)-ക്ക് ചികിൽസാസഹായമോ പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന മറ്റേതെങ്കിലും തരത്തിലുള്ള അത്യാവശ്യ സഹായങ്ങളോ നൽകുന്നതിനുവേണ്ടി ഭാരതത്തിലോ വിദേശത്തോ ഉള്ള ഏതെങ്കിലും വ്യക്തിയിൽ നിന്നോ, സംഘടനയിൽ നിന്നോ, സർക്കാർ ഏജൻസികളിൽ നിന്നോ, കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, മറ്റ് ഏതെങ്കിലും ഉറവിടങ്ങളിൽ നിന്നോ ഉള്ള സംഭാവനകൾ സ്വീകരിച്ചുകൊണ്ട് ഈ ആക്റ്റിലേയും പദ്ധതിയിലേയും വ്യവസ്ഥകൾ അനുസരിച്ച് ഒരു പ്രത്യേക സഹായനിധി രൂപീകരിക്കാവുന്നതാണ്.

(2) പ്രത്യേക സഹായനിധി ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് അതിന്റെ ഭരണം നിർവ്വഹിക്കേണ്ടതുമാണ്.

** ** ** **

14. <u>കമ്പനികളേയും സഹകരണ സംഘങ്ങളേയും മറ്റ് സ്ഥാപനങ്ങളേയും ബോർഡ് പ്രൊമോട്ട് ചെയ്യണമെന്ന്</u>.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടു കൂടി കാലാകാലങ്ങളിൽ ബോർഡ് തീരുമാനിക്കുന്ന അങ്ങനെയുള്ള നിബന്ധനകളോടും ഉപാധികളോടും കൂടി, 1956-ലെ കമ്പനീസ് ആക്റ്റിൻ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) കീഴിലുള്ള പൊതു/അല്ലെങ്കിൽ സ്വകാര്യ ക്ലിപ്ത കമ്പനികളുടെയും അല്ലെങ്കിൽ 1969-ലെ സഹകരണ സംഘം ആക്റ്റിൻ (1969-ലെ 21-ാം ആക്റ്റ്) കീഴിലുള്ള സഹകരണ സംഘങ്ങളുടെയും, 1860-ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റിൻ (1860-ലെ 21-ാം കേന്ദ്ര ആക്റ്റ്) കീഴിലുള്ള സംഘങ്ങളുടെയും/അല്ലെങ്കിൽ പ്രവാസി കേരളീയ അംഗങ്ങളും, ബോർഡും അല്ലെങ്കിൽ സർക്കാരും മുതൽമുടക്കിയിട്ടുള്ള/ഓഹരിയുള്ള മറ്റ് സ്ഥാപനങ്ങളുടെയും അപ്രകാരമുള്ള ആവശ്യങ്ങളും പ്രവർത്തനങ്ങളും വ്യാപാരവും പ്രൊമോട്ട് ചെയ്യാവുന്നതാണ്.

** ** ** **

———